പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*286

08.11.2019-ൽ
മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയിൽ എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റി

*ചോദ്യം*

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ. കെ.സി.ജോസഫ്
ശ്രീ. വി.പി.സജീന്ദ്രൻ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പിനായി ആറു പേരടങ്ങുന്ന മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ വകുപ്പ് മന്ത്രി ഉത്തരവ് നൽകിയിരുന്നോ; | (എ), (ബി), (സി), & (ഡി) | 24/06/2017-ൽ ചേർന്ന യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലിൽ 5 പേരടങ്ങുന്ന ഒരു എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ചോദ്യ പേപ്പർ സെറ്റിംഗ് അടക്കമുള്ള ചുമതലകൾ ഈ കമ്മിറ്റിക്കായിരുന്നു. മൂന്ന് വർഷമായി കുടിശ്ശികയായിരുന്ന അദ്ധ്യാപകരുടെ മൂല്യനിർണ്ണയ പ്രതിഫലം കൊടുത്തു തീർക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് ഫിനാൻസ് ഓഫീസറെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി വിപുലപ്പെടുത്താനാണ് വൈസ് ചാൻസലറുടെ ചുമതലയുണ്ടായിരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്. അക്കാഡമിക് കൗൺസിൽ തീരുമാന പ്രകാരം രൂപീകരിച്ച എക്സാമിനേഷൻ |
| (ബി) | പ്രസ്തുത കമ്മിറ്റിക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള ചുമതലയും നൽകിയിട്ടുണ്ടോ; ഇത് പരീക്ഷാചോദ്യപേപ്പറിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തുവാൻ ഇടയാക്കുമെന്നത് പരിശോധിക്കുമോ; | | |
| (സി) | പരീക്ഷാ കൺട്രോളറുടെ നേതൃത്വത്തിലുള്ള എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സംവിധാനത്തിന് പകരം പുതിയ കമ്മിറ്റിയെ നിയോഗിച്ചതിന്റെ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | പുതിയ കമ്മിറ്റി പ്രകാരം ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് ഡീനിന് ചുമതലയുണ്ടോ; സാങ്കേതിക സർവ്വകലാശാല നിയമപ്രകാരം ഡീനിന് അപ്രകാരമുള്ള ഒരു ചുമതല | | |

| | | | |
|---|---|---|---|
| | നൽകുന്നതിന് സാധിക്കുമോ; | | മാനേജിംഗ് കമ്മിറ്റിയിൽ ചോദ്യ പേപ്പർ സെറ്റിംഗിന്റെ മേൽ നോട്ടം പരീക്ഷാ കൺട്രോളർ, ഡീൻ (റിസർച്ച്) എന്നിവർക്കാണ്. അതിന് മാറ്റം വരുത്തിയിട്ടില്ല. |
| (ഇ) | എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതു തീയതിയിൽ കൂടിയ യോഗത്തിലാണ് പ്രസ്തുത വിഷയം ചർച്ച ചെയ്തതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ